NREGA/32/2024-A1

I/104664/2024

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline).ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

---

നം.NREGA/32/2024-A1 തിയതി : 11-01-2024

<u>**വിജ്ഞാപനം**</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന മിഷനിലേക്ക് ചുവടെപ്പറയുന്ന തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

**1. ടെക്നിക്കൽ എക്സ്പെർട്ട് (അഗ്രികൾച്ചർ) - 1 ഒഴിവ്**

- നിയമന രീതി - അന്യത്ര സേവന വ്യവസ്ഥ മുഖേന
- യോഗ്യത - സംസ്ഥാന മണ്ണ് സംരക്ഷണ വകുപ്പ്, സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ് എന്നിവയിൽ 42500-87000 (പുതിയത്) എന്ന ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് അപേക്ഷിക്കാം. നീർത്തടാധിഷ്ഠിത പ്ലാനിംഗിൽ ചുരുങ്ങിയത് 5 വർഷത്തെ സജീവ പ്രവർത്തന പരിചയമുള്ള അപേക്ഷകർക്ക് മുൻഗണന.

പ്രസ്തുത തസ്തികകളിലേയ്ക്ക് അപേക്ഷിക്കാൻ താൽപര്യമുള്ള ഉദ്യോഗസ്ഥർ കേരള സർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 144 പ്രകാരമുള്ള പത്രിക, വകുപ്പ് തലവൻ നൽകുന്ന നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, ബയോഡാറ്റ എന്നിവ സഹിതം മാതൃസ്ഥാപനം മുഖാന്തിരം അപേക്ഷിക്കേണ്ടതാണ്.

അപേക്ഷകൾ 12/2/2024 ന് വൈകിട്ട് 5 മണിക്ക് മുമ്പായി ലഭിക്കത്തക്ക വിധത്തിൽ **മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ**, 3-ാം **നില, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ.പി.ഒ., തിരുവനന്തപുരം** - 695033 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2313385 എന്ന ഫോൺ നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ പകൽ 10.15 മണി മുതൽ 5.15 മണി വരെ ബന്ധപ്പെടാവുന്നതാണ്.

Signed by
Nizamudeen A I A S
Date: 11-01-2024 08:09:49

NIZAMUDEEN A I A S
MISSION DIRECTOR